(സി) വൈത്തിരി താലൂക്കിൽ 348 അപേക്ഷകളും ബത്തേരി താലൂക്കിൽ 89 അപേക്ഷകളും മാനന്തവാടി താലൂക്കിൽ 43 അപേക്ഷകളും തീർപ്പാക്കാൻ ബാക്കിയുണ്ട്. ഇവയിൽ എല്ലാ അപേക്ഷകളിന്മേലും നടപടി തുടർന്നുവരുന്നു. പട്ടയ വിതരണം, അതിർത്തി നിർണ്ണയം, സബ്ഡിവിഷൻ തുടങ്ങിയ കേസുകളിലുള്ള സാങ്കേതിക കാരണങ്ങളാണ് പരാതികൾ തീർപ്പുകല്പിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം.

റവന്യൂ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

157 (1235) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി റവന്യൂ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഓരോ പദ്ധതിക്കും ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുക എത്ര; പദ്ധതികളുടെ നടത്തിപ്പിനായി ട്രെഷറിയിൽ നിന്നും പിൻവലിക്കപ്പെട്ട തുക എത്ര ;

(സി) ഈ അഞ്ച് ബഡ്ജറ്റുകളിലായി പ്രഖ്യാപിച്ചതിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) അനുബന്ധം 'എ'' ആയി കൊടുത്തിരിക്കുന്നു.

(സി) പ്രഖ്യാപിത പദ്ധതികളെല്ലാം നടപ്പിലാക്കിവരുന്നു.

റവന്യൂ വകുപ്പിന്റെ ഭൂമി എക്സൈസ് വകുപ്പിന് വിട്ടുനൽകുന്നതിന് നടപടി

158 (1236) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് താലൂക്കിലെ പുളക്കോട് വില്ലേജിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് 30.6 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് കെട്ടിടം നിർമ്മിക്കാൻ വിട്ടു നൽകുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

കോഴിക്കോട് താലൂക്കിലെ പുളക്കോട് വില്ലേജിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് 30.6 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് വിട്ടുനൽകുന്നത് സംബന്ധിച്ച ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly